# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3090** — **21-06-2013 ൽ മറുപടിയ്ക്ക്**

## ആലപ്പുഴ ജില്ലയിലെ നെല്ല് സംഭരണത്തിന്റെ കുടിശ്ശിക തുക

**ചോദ്യം**

ശ്രീ.ആർ.രാജേഷ്

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ 10 വർഷക്കാലം ഉത്പാദിപ്പിച്ച നെല്ലിന്റെ അളവ് ലഭ്യമാക്കുമോ; ഉത്പാദനത്തിൽ കുറവ് വന്നിട്ടുണ്ടോ;

(എ) ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ 10 വർഷക്കാലം ഉത്പാദിപ്പിച്ച നെല്ലിന്റെ അളവും, ഉത്പാദനത്തിൽ മുൻ വർഷത്തിൽ നിന്നും ഉണ്ടായ കുറവും താഴെ ചേർത്തിരിക്കുന്നു.

| വർഷം | ഉല്പാദനം (ടൺ) | കുറവ് (ടൺ) |
|---|---|---|
| 2002-2003 | 91561 | |
| 2003-2004 | 63008 | -28553 |
| 2004-2005 | 78791 | |
| 2005-2006 | 71748 | -7043 |
| 2006-2007 | 90160 | |
| 2007-2008 | 62270 | -27890 |
| 2008-2009 | 104250 | |
| 2009-2010 | 97976 | -6274 |
| 2010-2011 | 91325 | -6651 |
| 2011-2012 | 111980 | |

(ബി) ആലപ്പുഴ ജില്ലയിലെ നെൽ കർഷകർക്ക് നെല്ല് സംഭരണത്തിന്റെ കുടിശ്ശികത്തുക കൊടുക്കാനുണ്ടോ; എത്ര രൂപ കൊടുക്കാനുണ്ട്; അത് എന്ന് വിതരണം നടത്തുമെന്ന് അറിയിക്കുമോ?

(ബി) ആലപ്പുഴ ജില്ലയിലെ നെൽ കർഷകർക്ക് നെല്ല് സംഭരണത്തിന്റെ കുടിശ്ശികത്തുക കൊടുക്കാനുള്ളതായി സപ്ലൈകോ അറിയിച്ചിട്ടുണ്ട്. ഈ ജില്ലയിൽ നിന്നും നെല്ല് സംഭരിച്ച ഇനത്തിൽ 59,45,12,709/- രൂപ കർഷകർക്ക് നൽകാനുണ്ടെന്നും ടി തുക രണ്ടാഴ്ചകളിൽ കൊടുത്തു തീർക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സപ്ലൈകോ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ